## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3808** **31/01/2014- ൽ മറുപടിക്ക്**

# ഗാർഹിക-കാർഷിക ആവശ്യത്തിനായി വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ തീർപ്പാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കുന്നംകുളം കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിനുകീഴിൽ ഗാർഹിക-കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ ഏത് തീയതി മുതൽ എത്രയെണ്ണം തീർപ്പാക്കാനുണ്ട്; എത്രയെണ്ണം ബാക്കി നിൽപ്പുണ്ട്; | (എ) കുന്നംകുളം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിനു കീഴിൽ 28.10.2013 മുതലുള്ള 105 ഗാർഹിക കണക്ഷനുകളും 09.12.2013 മുതലുള്ള 15 കാർഷിക വൈദ്യുതി കണക്ഷനുകളും നൽകുവാൻ ബാക്കിയുണ്ട്. |
| (ബി) വൈദ്യുതി കണക്ഷൻ ലഭിക്കാൻ പോസ്റ്റിന്റേതടക്കമുള്ള മുഴുവൻ ചെലവും കെട്ടിവച്ചിട്ടും കണക്ഷൻ നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) തൃശ്ശൂർ സർക്കിളിനുള്ള 8 മീറ്റർ പോസ്റ്റിന്റെ കരാർ 30.05.2013-ൽ തീർന്നതിനാൽ കണക്ഷനുകൾ നൽകുന്നതിൽ ചെറിയ കാലാതാമസം അനുഭവപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഇരിങ്ങാലക്കുട സർക്കിളിൽ നിന്നും പോസ്റ്റുകൾ നൽകി ഈ പ്രശ്നം പരിഹരിച്ചിട്ടുണ്ട്. |
| (സി) കാർഷിക ആവശ്യങ്ങൾക്കും കുടിവെള്ള പദ്ധതികൾക്കും മുൻഗണന നൽകി കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് പ്രകാരം അപേക്ഷ സമർപ്പിക്കുന്നതനുസരിച്ചും സെക്യൂരിറ്റി ഡെപ്പോസിറ്റും കണക്ഷൻ നൽകുന്നതിന് ചെലവാകുന്ന തുകയും അടയ്ക്കുന്ന മുറയ്ക്കുമാണ് വൈദ്യുതി കണക്ഷന് മുൻഗണന നൽകുന്നത്. |

സെക്ഷൻ ഓഫീസർ